## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2389 13/02/2013 ൽ മറുപടിയ്ക്ക്

### മലിനീകരണനിയന്ത്രണനിയമങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾ

**ചോദ്യം**

ശ്രീ. എ. പ്രദീപ്കുമാർ

(എ) കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ നാലുവർഷത്തിനിടയിൽ മലിനീകരണ നിയന്ത്രണ നിയമങ്ങൾ പാലിക്കാത്ത എത്ര സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പേരിൽ നിയമ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോരുത്തരുടെയും പേരിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

**ഉത്തരം**

സി.എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമവ്യവസായവും
മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി)

(എ) യും (ബി) യും മലിനീകരണ നിയന്ത്രണ നിയമങ്ങൾ പാലിക്കാത്തതിന് 8 യൂണിറ്റുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നം | യൂണിറ്റിന്റെ പേര് | സ്വീകരിച്ച നടപടികൾ |
|---|---|---|
| 1 | ശ്രീവൽസം കോൺക്രീറ്റ് വർക്ക്, എരഞ്ഞിപ്പാലം, കോഴിക്കോട് | വായു മലിനീകരണനിയന്ത്രണ നിയമം സെക്ഷൻ 31 (A) പ്രകാരം ക്ലോഷർ ഓർഡർ 23.12.2010 ൽ നൽകി. യൂണിറ്റ് തുടർന്ന് പ്രവർത്തിക്കുന്നില്ല. |
| 2 | കുന്നമംഗലം ഗ്രാനൈറ്റ്സ്, കുന്നമംഗലം, കോഴിക്കോട് | വായു മലിനീകരണ നിയന്ത്രണ നിയമപ്രകാരം ക്ലോഷർ ഓർഡർ 30.01.2012-ൽ നൽകി. തുടർന്ന് നിർദ്ദേശങ്ങൾ പാലിച്ചതിനാൽ 19.02.2012 -ൽ ഓർഡർ പിൻവലിച്ചു. |
| 3 | ആദർശ് ബ്ലൂ മെറ്റൽസ്, മൈസൂർമല, മുക്കം, കോഴിക്കോട് | വായു മലിനീകരണ നിയന്ത്രണ നിയമം സെക്ഷൻ 31 (A) പ്രകാരം 20.01.2012 - ൽ ക്ലോഷർ ഓർഡർ നൽകി. അതിനു ശേഷം നിർദ്ദേശങ്ങൾ പാലിച്ചതിനാൽ 16.02.2012 -ൽ ഓർഡർ പിൻവലിച്ചു. |

| | | |
|---|---|---|
| 4 | കിംഗ്സ് ബേ റെസ്റ്റോറന്റ്, കസ്റ്റംസ് റോഡ്, കോഴിക്കോട് | വായു മലിനീകരണ നിയന്ത്രണ നിയമം സെക്ഷൻ 31 (A)യും, ജലമലിനീകരണ നിയന്ത്രണ നിയമം 33 (A) യും പ്രകാരമുള്ള ക്ലോഷർ ഓർഡർ നൽകി. നിർദ്ദേശങ്ങൾ പാലിച്ച ശേഷം 14.12.2012-ൽ ഓർഡർ പിൻവലിച്ച് പ്രവർത്തനാനുമതി നൽകി. |
| 5 | ശബരി മെറ്റൽ ഇൻഡസ്ട്രീസ്,മിനി ഇൻഡ്ട്രിയൽ എസ്റ്റേറ്റ്, പയ്യോളി, കോഴിക്കോട് | ജലമലിനീകരണനിയന്ത്രണ നിയമം 33 (A) പ്രകാരം 17.02.2012-ൽ ക്ലോഷർ ഓർഡർ നൽകി. നിർദ്ദേശങ്ങൾ പാലിച്ചതിനാൽ ഓർഡർ പിൻവലിച്ചു. |
| 6 | മെറ്റലക്സ് ഇന്ത്യ റോളിംഗ് മിൽ, മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, പയ്യോളി, കോഴിക്കോട് | വായു മലിനീകരണ നിയന്ത്രണ നിയമം 31 (A) പ്രകാരം 17.02.2012-ൽ ക്ലോഷർ ഓർഡർ നൽകി. നിർദ്ദേശ ങ്ങൾ പാലിച്ചതിനാൽ ഓർഡർ പിൻവലിച്ച് നിബന്ധനകളോടെ പ്രവർ ത്തനാനുമതി നൽകി. |
| 7 | അനശ്വര വുഡ് ഇൻഡസ്ട്രീസ്, ചേലക്കാട്, കോഴിക്കോട് | മലിനീകരണ നിയന്ത്രണ സംവിധാ നങ്ങൾ ഇല്ലാതെയും ലൈസൻസി ല്ലാതെയും പ്രവർത്തിക്കുന്നതിനാൽ യൂണിറ്റ് ഉടനടി നിർത്തിവെക്കണ മെന്ന് നിർദ്ദേശം നൽകി. |
| 8 | നിലമ്പൂർ ട്രേഡേഴ്സ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, വെസ്റ്റ് ഹിൽ, കോഴിക്കോട് | ജലമലിനീകരണ നിയന്ത്രണ നിയമ പ്രകാരം 28.04.2012 -ൽ അനുമതി പിൻവലിക്കുകയും പ്രവർത്തനം ഉട നടി നിർത്തിവെക്കാൻ ആവശ്യപ്പെ ടുകയും ചെയ്തു. ഇതിനെതിരെ ഹൈക്കോടതിയിൽ കേസ് നില നിൽക്കുന്നു. |

സെക്ഷൻ ഓഫീസർ